LIBRARY ARCHIVES Kerala Legislative Assembly

പരിക്കേറ്റ കുട്ടികൾക്ക് നഷ്ടപരിഹാരം

115 (712) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മണ്ഡലത്തിലെ ചോറോട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ചോറോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിലെ കുട്ടികൾക്ക് ഇറിഗേഷൻ വകുപ്പിന്റെ കനാൽ പാലം തകർന്ന് പരിക്കേറ്റതിൽ നഷ്ടപരിഹാരം നൽകണമെന്ന് അഭ്യർത്ഥിച്ച് സ്ഥലം എം.എൽ.എ. നൽകിയ പരാതിയിൻമേൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) പരിക്കേറ്റ കുട്ടികൾക്ക് പരമാവധി സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ജലവിഭവ വകുപ്പുമന്ത്രിക്ക് ലഭിച്ച ബഹു. എം.എൽ.എ. യുടെ പരാതി 6-10-2010-ൽ ബഹു. മുഖ്യമന്ത്രിക്ക് അയച്ചു കൊടുക്കുകയും ആയത് കോഴിക്കോട് ജില്ലാ കളക്ടർക്ക് ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതിലേക്കായി അവിടെനിന്നും അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനം

116 (713) പ്രൊഫ എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനം വർദ്ധിച്ചിട്ടുണ്ടോ ;

(ബി) നിലവിൽ വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടുവാനുള്ള തുക എത്രയാണ് ;

(സി) ഇതിലേക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നുമായി സെപ്റ്റംബർ മാസം വരെ 288.42 കോടി രൂപയും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും 225.39 കോടി രൂപയും പിരിഞ്ഞുകിട്ടുവാനുണ്ട്.

(സി) കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ കണക്ഷനുകൾ വിച്ഛേദിക്കുന്നതിനായി കീഴ്ഘടകങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.